## യജ്ഞവേദിയിലെ വിശേഷാൽ പൂജകൾ

| | | | |
|---|---|---|---|
| 1. | ശ്രീരാമാവതാരം | : | 100 രൂപ |
| 2. | സീതാസ്വയംവരം | : | 50 രൂപ |
| 3. | ഗുഹസംഗമം | : | 50 രൂപ |
| 4. | പാദുകപൂജ | : | 50 രൂപ |
| 5. | സുന്ദരകാണ്ഡം / വടമാല | : | 150 രൂപ |
| 6. | പട്ടാഭിഷേകം | : | 50 രൂപ |
| 7. | പറ നിറയ്ക്കൽ | : | 150 രൂപ |
| 8. | അർച്ചന | : | 20 രൂപ |

**മേൽപറഞ്ഞ എല്ലാ പൂജകളും ചെയ്യുന്നതിന് : 500 രൂപ**

**അന്നദാനം : 7000 രൂപ**

N.B.- അന്നദാനത്തിനു ആവശ്യമായ അരി, പലവ്യഞ്ജനങ്ങൾ, പച്ചക്കറി മുതലായവ വഴിപാടായി സ്വീകരിക്കുന്നതാണ്.

Dear Devotees,

With the grace of Lord Sree Rama, we are pleased to announce that Sree Ayyappa Temple, Daman will be celebrating Ramayana Masa Acharanam (from Saturday the 16th July, 2016 to Tuesday the 16th August, 2016 and Ramayana Tridina Yatnam (from Saturday the 13th August to Monday 15th August, 2016).

There will be special pooja every day during the above period.

All are requested to participate in large numbers and make the programs a grand success.

**For Sree Ayyappa Seva Samiti**
**General Secretary (9825607055)**
**President (8866433481)**

**സ്വാമി ശരണം**

# SREE AYYAPPA TEMPLE - DAMAN

NH No. 848B, Dunetha, Nani Daman 396 210

# രാമായണ മാസാചരണം

**2016 ജൂലായ് 16 ശനിയാഴ്ച മുതൽ 2016 ആഗസ്റ്റ് 16 ചൊവ്വാഴ്ച വരെ**



# രാമായണ ത്രിദിനയജ്ഞം

**2016 ആഗസ്റ്റ് 13 മുതൽ 15 വരെ**

Saturday 13th August to Monday 15th August, 2016

**യജ്ഞാചാര്യൻ : സ്വാമി ദയാനന്ദ സരസ്വതി**

**(ജ്ഞാനാനന്ദാശ്രമം, തിരുവനന്തപുരം)**

**ജയ് ശ്രീരാം**



ഭക്തജനങ്ങളെ,

പുരുഷോത്തമ നിർമ്മാണത്തിന്റെ രൂപരേഖയാണ് രാമായണം. മനുഷ്യനായി പിറന്ന ഏതൊരാളും സത്യത്തെ സാക്ഷാത്കരിക്കുക എന്ന ലക്ഷ്യത്തിനു വേണ്ടി ജീവിച്ച ഒരു കാലഘട്ടം ഉണ്ടായിരുന്നു. സത്യയുഗം എന്നും കൃതായുഗം എന്നും പറയുന്ന കാലഘട്ടം. ധർമ്മപാതയിൽ നിന്നും വ്യതിചലിക്കാത്ത ജീവിതം നയിക്കുന്ന ആളിനു മാത്രമേ സത്യം സാക്ഷാൽകരിക്കുവാൻകഴിയൂ. സാക്ഷാൽകാരത്തിനുള്ള ത്വര വർദ്ധിച്ചു വന്നതോടെ മനസ്സിൽ കാമവികാരം കൂടി വന്നു. അതോടെ ജീവിതം ധർമ്മ പാതയിൽ ധിന്നും വ്യതിചലിച്ചു. സത്യത്തിൽ നിന്നും മനുഷ്യസമൂഹം അകന്നു. അധപതനത്തിന്റെ ആദ്യപടി ആയിരുന്നു ഇത്. ത്രേതായുഗത്തിന്റെ അന്ത്യംവരെ അതു തുടർന്നു. അക്കാലത്ത് സമൂഹത്തിന് വഴികാണിക്കാൻ മര്യാദപുരുഷോത്തമൻ എന്ന ഒരു കഥാപാത്രത്തെ രാമായണ ഇതിഹാസത്തിലൂടെ വാല്മീകി മഹർഷി സമൂഹത്തിനു പരിചയപ്പെടുത്തി. ആ ത്രേതായുഗം മുതൽ കാലം ഇതേവരേക്കും ഇനിയുള്ള കാലങ്ങളിലേക്കും ഈ രാമനും രാമായണവും തന്നെയാണു വഴികാട്ടിയായി നിലകൊള്ളുന്നത്.

**ആദ്ധ്യാത്മ രാമായണം മൃത്യു ശാസന പ്രോക്തം**
**അദ്ധ്യയനംചെയ്തിടും മൃത്യു ജന്മികൾക്കെല്ലാം**
**മുക്തിസിദ്ധിക്കുമസദിഗ്ധമീ ജന്മംകൊണ്ടേ**

അനന്തമഹിമയാർന്ന ഭഗവാൻ ശ്രീരാമചന്ദ്രന്റെ നാമം അനശ്വരമായ ശാന്തിക്ക് അടിസ്ഥാനമാണ്. ആയാസംകൂടാതെ ജപിക്കുവാൻ കഴിയുന്ന രാമമന്ത്രം അജ്ഞന്മാർക്കും അശരണർക്കും ആശ്വാസം അരുളുന്ന താരകമന്ത്രമാണ്. രാമമന്ത്രജപം കൊണ്ട് ശരീരം ആസകലം വ്യാപരിക്കുന്ന ജിവശക്തിയിൽ സൃഷ്ടിക്കുന്ന ചലനങ്ങളും അനുഭൂതികളും മഹാരോഗങ്ങൾക്ക് സിദ്ധൗഷധമായിരിക്കുന്നു. രാമമന്ത്രം ശരീരത്തിൽ സൃഷ്ടിക്കുന്ന ചലനങ്ങൾ ബുദ്ധി, മനസ്സ്, മാംസപേശികൾ, ഇന്ദ്രിയ പ്രവർത്തനങ്ങൾ എന്നിവകളെ സ്വാധീനിച്ചും നിയന്ത്രിച്ചും ദു:ഖം ഇല്ലാതാക്കുന്ന മഹാമന്ത്രമാണ്. ഇതുകൊണ്ട് മഹോന്നതിയിലേക്ക് ഉയർന്ന മനുഷ്യ ജീവിതത്തിന്റെ മാസ്മരിക ശാന്തിയിൽ ഭാരതീയ ജനത വിശ്വാസമർപ്പിച്ചിരിക്കുന്നു. ഈ സത്യങ്ങളെ സാക്ഷിനിർത്തി നമ്മൾ രാമനിലൂടെയും രാമായണത്തിലൂടെയും കടന്നുപോകുമ്പോൾ കിട്ടുന്ന അറിവാണ് ആനന്ദത്തിനും മോക്ഷത്തിനും കാരണമായിത്തീരുന്നത്.

ഈ കർക്കിടകനാളിൽ ദമൻ ശ്രി അയ്യപ്പ ക്ഷേത്രത്തിൽ രാമായണമാസാചാരണം 2015 ജൂലായ് 16 ശനിയാഴ്ച മുതൽ 2016 ആഗസ്റ്റ് 16 ചൊവ്വാഴ്ച വരെ (1191 കർക്കിടകം 1 മുതൽ 31 വരെ) പൂർവാധികം ഭംഗിയായി കൊണ്ടാടുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ പുണ്യവേളയിൽ ക്ഷേത്രത്തിൽ വിശേഷാൽ പൂജ – വഴിപാടുകൾ നടത്തപ്പെടുന്നു. ഭക്തജനങ്ങൾ ഈ വഴിപാടുകൾ നടത്തിയും രാമായണ കഥാശ്രവണം നടത്തിയും ഈ കലിയുഗത്തിൽ ഭഗവദ് അനുഗ്രഹത്തിന് പാത്രീഭൂതരാകുവാൻ താല്പര്യപ്പെടുന്നു.

**രാമായണമാസ വിശേഷാൽ പൂജ : 200 രൂപ**

കൂടാതെ ആഗസ്റ്റ് 13 മുതൽ 15 വരെ രാമായണ ത്രിദിനയജ്ഞം ഉണ്ടായിരിക്കുന്നതാണ്. രാവിലെ 6 മുതൽ വൈകിട്ട് 6 വരെ.

**യജ്ഞാചാര്യൻ**

**സ്വാമി ദയാനന്ദ സരസ്വതി**

**രാമായണ പാരായണം**

**യുവശ്രീ ചൂരക്കോട് വിജയൻ അവർകൾ**

**12.08.2016, വെള്ളിയാഴ്ച വൈകിട്ട് 7.00 മുതൽ**

ആചാര്യവരണം, രാമായണമാഹാത്മ്യ പ്രഭാഷണം

**ഒന്നാം ദിവസം (13.08.2016) ശനിയാഴ്ച**

ഉമാമഹേശ്വര സംവാദം, ഭരതന്റെ വനയാത്ര

ഉച്ചയ്ക്ക് 12.30 മുതൽ അന്നദാനം

**രണ്ടാം ദിവസം (14.08.2016) ഞായറാഴ്ച**

ഭരതരാഘവ സംവാദം, ഹനുമാൻ രാവണസഭയിൽ

ഉച്ചയ്ക്ക് 12.30 മുതൽ അന്നദാനം

**മൂന്നാം ദിവസം (15.08.2016) തിങ്കളാഴ്ച**

ഹനുമാന്റെ പ്രത്യാഗമനം, രാമായണത്തിന്റെ ഫലശ്രുതി

ഉച്ചയ്ക്ക് 12.30 മുതൽ അന്നദാനം